**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3721** **15-07-2022 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തിന് ദേശീയതലത്തിലുള്ള അംഗീകാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | മുൻ സർക്കാരിന്റെ (2016-21) കാലയളവിൽ ഏതെല്ലാം രംഗങ്ങളിലാണ് സംസ്ഥാനം ദേശീയതലത്തിലുള്ള അംഗീകാരം നേടിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (എ) | മുൻ സർക്കാരിന്റെ (2016-21) കാലയളവിൽ സംസ്ഥാത്തിന് ലഭിച്ച ദേശീയതലത്തിലുള്ള അംഗീകാരങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

1. നീതി ആയോഗിന്റെ സുസ്ഥിര വികസനലക്ഷ്യ സൂചികയിൽ കേരളം ഒന്നാമതാണ്.
2. ഇന്ത്യാടുഡെ സർവ്വെയിൽ മികച്ച സംസ്ഥാനമായി കേരളം തെരഞ്ഞെടുക്കപ്പെട്ടു.
3. ട്രാൻസ്പരൻസി ഇന്റർനാഷണൽ ഇന്ത്യയും ലോക്കൽ സർക്കിൾസും ചേർന്ന നടത്തിയ ഇന്ത്യാ കറപ്ഷൻ സർവേയിലും 2019 -ൽ രാജ്യത്തെ ഏറ്റവും അഴിമതി കുറഞ്ഞ സംസ്ഥാനമായി കേരളം തെരഞ്ഞെടുക്കപ്പെട്ടു.
4. പാസ്പോർട്ട് അപേക്ഷകളുടെ പരിശോധനയിലെ കൃത്യതയ്ക്ക് കേന്ദ്രവിദേശകാര്യ മന്ത്രാലയം നൽകുന്ന അംഗീകാരത്തിന് കേരള പോലീസ് 2019-ൽ അർഹയായി.
5. നീതി ആയോഗ് ആരോഗ്യമേഖലയ്ക്കായി തയ്യാറാക്കിയ പ്രത്യേക റിപ്പോർട്ട് പ്രകാരം കേരളത്തിന് തുടർച്ചയായ രണ്ടുവർഷങ്ങളിൽ ഒന്നാം സ്ഥാനം ലഭിച്ചു.
6. ശിശുമരണ നിരക്കും അഞ്ചുവയസ്സിൽ താഴെയുള്ള കുട്ടികളുടെ മരണനിരക്ക് ഏറ്റവും കുറവും കേരളത്തിലാണ്.
7. ഏറ്റവും മികച്ച പ്രതിരോധകുത്തിവയ്പ്പ് നൽകുന്ന സംസ്ഥാനം എന്ന ബഹുമതി കേരളത്തിന് ലഭിച്ചു.
8. നാഷണൽ ഫാമിലി ഹെൽത്ത് സർവെയിൽ കേരളത്തിന് ഒന്നാം സ്ഥാനം ലഭിച്ചു.
9. മാതൃമരണ നിരക്ക് കുറഞ്ഞ സംസ്ഥാനത്തിനുള്ള പ്രധാനമന്ത്രി സുരക്ഷാ മാതൃത്വ അഭിയാൻ അവാർഡ് 2019-ൽ ലഭിച്ചു.
10. ദേശീയതലത്തിൽ മികച്ച ആശുപത്രികൾക്കുള്ള നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാന്റേർഡിൽ ആദ്യ പന്ത്രണ്ടും കേരളത്തിൽ നിന്നുള്ള കുടുംബാരോഗ്യകേന്ദ്രങ്ങളാണ്. സംസ്ഥാനത്തെ 55 കുടുംബാരോഗ്യ കേന്ദ്രങ്ങൾ NQAS അംഗീകാരം നേടി
11. 2019 ൽ ഇന്ത്യയിലെ ഏറ്റവും മികച്ച പ്രാഥമികാരോഗ്യ കേന്ദ്രമായി കയ്യൂർ കുടുംബാരോഗ്യകേന്ദ്രം മാറി.
12. 2019 ലെ ഭിന്നശേഷി ശാക്തീകരണ പ്രവർത്തനങ്ങളിൽ ഏറ്റവും മികച്ച സംസ്ഥാനത്തിനുള്ള പുരസ്കാരം കേരളത്തിന് ലഭിച്ചു.
13. 'ഭിന്നശേഷിനയം 2016' നടപ്പിലാക്കുന്നതിൽ മികവ് പുലർത്തിയ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും കേന്ദ്ര സർക്കാർ സാമൂഹികനീതി വകുപ്പ് നൽകുന്ന 2018 ലെ ദേശീയ അവാർഡ്.
14. എൻ.എച്ച്.എഫ്.ഡി.സി.യുടെ മികച്ച സംസ്ഥാന വികലാംഗ കോർപ്പറേഷൻ തെരഞ്ഞെടുക്കപ്പെട്ടു.
15. വയോജനസംരക്ഷണത്തിന് കേന്ദ്ര ആരോഗ്യമന്ത്രാലയത്തിന്റെ അവാർഡ്.
16. ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാന്റേർഡ് അതോറിറ്റി ഓഫ് ഇൻഡ്യയുടെ (എഫ്.എസ്.എസ്.എ.ഐ) ആദ്യ ഭക്ഷ്യ സുരക്ഷാ സൂചികയിൽ (സ്റ്റേറ്റ് ഫുഡ് സേഫ്റ്റി ഇൻഡക്സ്) കേരളം ഒന്നാം നിരയിലെത്തി.

17. 2018-19, 2019-20 വർഷങ്ങളിൽ വനിതാ ശാക്തീകരണത്തിന് വേണ്ടി നടത്തിയ പ്രവർത്തനത്തിൽ ഏറ്റവും മികച്ച ചാനലൈസിംഗ് ഏജൻസിക്കുള്ള ദേശീയ അവാർഡ് വനിതാ വികസന കോർപ്പറേഷന് ലഭിച്ചു.

18. സ്കൂൾ വിദ്യാഭ്യാസ നിലവാരം വിലയിരുത്തുന്ന സ്കൂൾ എഡ്യൂക്കേഷൻ കേന്ദ്ര വിദ്യാഭ്യാസ വികസന സൂചികയിൽ കേരളം ഒന്നാമതെത്തി.

19. പെൺകുട്ടികൾക്ക് പഠന സൗകര്യം ഉറപ്പാക്കുന്നതിൽ ദേശീയ തലത്തിൽ കേരളം ഒന്നാമതാണ്.

20. 2019 ലെ രാജ്യത്തെ മികച്ച സർക്കാർ വിദ്യാലയങ്ങളുടെ പട്ടികയിൽ കോഴിക്കോട് നടക്കാവ് സ്കൂളിന് രണ്ടാം സ്ഥാനം ലഭിച്ചു.

21. സമഗ്രശിക്ഷാ പ്രവർത്തനങ്ങളുടെ സൂചികയിൽ കേരളം 2018-19, 2019-20 വർഷങ്ങളിൽ ഒന്നാം ഗ്രേഡിൽ എത്തി.

22. പ്രധാനമന്ത്രി സ്വച്ഛ്ഭാരത് പദ്ധതിയിൽ കേരളം ഒന്നാമതാണ്.

23. ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതിയിൽ മികച്ച നേട്ടം കൈവരിച്ച സംസ്ഥാനം കേരളമാണ്.

24. തൊഴിലുറപ്പു പദ്ധതിയിൽ മികവുറ്റ ജലസംരക്ഷണപ്രവർത്തനങ്ങൾക്ക് രാജ്യത്ത് ഒന്നാം സ്ഥാനം കേരളത്തിനാണ്.

25. ഐക്യരാഷ്ട്രസഭയുടെ ഏറ്റവും വലിയ പരിസ്ഥിതി പുരസ്കാരമായ 'ചാമ്പ്യൻ ഓഫ് എർത്തിന്' കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡിനെ തെരഞ്ഞെടുത്തു.

26. 2019-20 ൽ ടെക്നോപാർക്കിന് ക്രിസിൽ - എ റേറ്റിങ് ക്രിസിൽ - എ സ്റ്റേബിൾ റേറ്റിങ് ലഭിച്ചു.

27. കേന്ദ്ര നഗര ഭവന മന്ത്രാലയത്തിന്റെ നഗര ബസ് സേവന പദ്ധതിക്കുള്ള പുരസ്കാരം കേരളത്തിന് ലഭിച്ചു. അനസ്യൂത യാത്ര കൊച്ചി എന്ന പദ്ധതിക്കാണ് അവാർഡ്.

28. 2019 ലെ നാഷണൽ എനർജി കൺസർവേഷൻ അവാർഡ് - കേരളത്തിലെ എനർജി മാനേജ് മെന്റ് സെന്ററിനാണ് ലഭിച്ചത്.

29. ഫോറസ്റ്റ് സർവ്വേ ഓഫ് ഇൻഡ്യാ റിപ്പോർട്ട് അനുസരിച്ച് വനവിസ്തൃതി വർദ്ധിപ്പിച്ച സംസ്ഥാനങ്ങളിൽ കേരളം മുൻനിരയിലാണ്.

30. മികച്ച പ്രവർത്തനങ്ങൾക്ക് ദേശീയ പട്ടിക ജാതി വികസന കോർപ്പറേഷൻ ഏർപ്പെടുത്തിയ പുരസ്കാരം സംസ്ഥാന പട്ടികജാതി - പട്ടികവർഗ വികസന കോർപ്പറേഷന് ലഭിച്ചു.